"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ തലപ്പിള്ളി താലൂക്ക് എളനാട് വില്ലേജിൽ സർവ്വേ നമ്പർ 1042 -ൽപ്പെട്ട 0.09916 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ നിന്നും "അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി"എന്ന പരാമർശം ഒഴിവാക്കി - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1786/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/09/2020

---

പരാമർശം:- സ.ഉ.(സാധാ) നം.706/2020/ത.സ്വ.ഭ.വതീയതി, 23/03/2020.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് കേന്ദ്രമാക്കി ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി തലപ്പിള്ളി താലൂക്ക് എളനാട് വില്ലേജിൽ സർവ്വേ നമ്പർ 1042-ൽപ്പെട്ട 0.09916 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് ഇപ്രകാരം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നത് കേരള ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീ സെറ്റിൽമെൻറ് ആക്ട് 2013 40(1), (2) വകുപ്പുകൾ പ്രകാരം സാധ്യമല്ലായെന്ന് കണ്ടെത്തിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് കേന്ദ്രമാക്കി ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി തലപ്പിള്ളി താലൂക്ക് എളനാട് വില്ലേജിൽ സർവ്വേ നമ്പർ 1042-ൽപ്പെട്ട 0.09916 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശത്തിലെ ഉത്തരവിൻെറ സംഗ്രഹത്തിലും മൂന്നാമത്തെ ഖണ്ഡികയിലും "അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി" എന്ന പരാമർശം ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശത്തിലെ ഉത്തരവ് ഈ ഭേദഗതിയോടു കൂടി നില നിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി,പഴയന്നൂർ ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള,തിരുവനന്തപുരം.

റവന്യൂ(ബി) വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ( വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ആർസി1/33/2019/തസ്വഭവ)/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ത.സ്വ.ഭ.വ മന്ത്രിയുടെ പി.എ.യ്ക്ക്

ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്